# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1567** — **14-12-2012 ൽ മറുപടിയ്ക്ക്**

## കാർഷിക മേഖലയിലെ വളർച്ച

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ എത്ര ശതമാനം വളർച്ചയുണ്ടായി എന്ന് വ്യക്തമാക്കുമോ; നെല്ല്, നാളീകേരം, പച്ചക്കറികൾ എന്നിവയുടെ ഉത്പാദന ത്തിൽ ഉണ്ടായ വർദ്ധന വിലെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ചാ നിരക്കിനെ സംബന്ധിച്ചുള്ള കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല. നെല്ല്, നാളീകേരം, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനത്തെ സംബന്ധിച്ചുള്ള കണക്കുകളിൽ നെല്ലിന്റെ ഉല്പാദനത്തെ സംബന്ധിച്ചുള്ള കണക്കുകൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. നെല്ലിന്റെ ഉല്പാദനം 2010-11 വർഷത്തെ അപേക്ഷിച്ച് 2011-12 വർഷത്തിൽ 46255 ടൺ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| ജില്ല | ഉല്പാദനം (എം.റ്റി) 2010-11 | 2011-12 |
|---|---|---|
| തിരുവനന്തപുരം | 6923 | 6139 |
| കൊല്ലം | 7155 | 4768 |
| പത്തനംതിട്ട | 6628 | 8989 |
| ആലപ്പുഴ | 91325 | 111980 |
| കോട്ടയം | 40970 | 63579 |
| ഇടുക്കി | 4744 | 3135 |
| എറണാകുളം | 17823 | 16572 |
| തൃശ്ശൂർ | 53079 | 62316 |
| പാലക്കാട് | 218155 | 224413 |
| മലപ്പുറം | 21069 | 18577 |
| കോഴിക്കോട് | 3814 | 4274 |
| വയനാട് | 27911 | 23526 |
| കണ്ണൂർ | 13308 | 12170 |
| കാസർഗോഡ് | 9834 | 8555 |
| ആകെ | 522738 | 568993 |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കരനെൽകൃഷി വൻ വിജയമാണെന്നു കണ്ടിട്ടും കര നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) | കരനെൽകൃഷി പദ്ധതി 2012-13 ൽ 3334 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നുണ്ട്. ഹെക്ടറിന് 7500/- രൂപ നിരക്കിലുള്ള ആനുകൂല്യം നൽകുന്നതിനായി 250 ലക്ഷം രൂപ പദ്ധതിയ്ക്കായി നീക്കി വച്ചിട്ടുണ്ട്. |
| (സി) | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പരിപോഷിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; അതിനുവേണ്ടി എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ? | (സി) | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പരിപോഷിപ്പിക്കുന്നതിന് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾ മുഖേന 20 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ (15/- രൂപ/ കിറ്റ്) സൗജന്യമായി വിതരണം ചെയ്തു. സമഗ്ര പച്ചക്കറി വികസന പദ്ധതി 2012-13 പ്രകാരം ഈ ആവശ്യത്തിനായി 294.97655 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ നിറവ് പദ്ധതിയിൽ പ്പെടുത്തി 6.825 ലക്ഷം വിത്തുകിറ്റുകളും ആർ.കെ.വി.വൈ പദ്ധതിയിൽ കൂടി 22.83067 ലക്ഷം കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്. ആകെ 49.65567 ലക്ഷം വിത്തുകിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു.<br><br>തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി. വൈ) സഹായത്തോടെ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി 10.70 കോടി രൂപ ചെലവിൽ 2011-12 ൽ നടപ്പിലാക്കി. തിരുവനന്തപുരം ജില്ലയിൽ 6,02,10,000/- രൂപ ചെലവിൽ വീടൊന്നിന് 25 ഗ്രോബാഗുകൾ പോട്ടിംഗ് മിശ്രിതം നിറച്ച് 30,105 വീടുകളിൽ മട്ടുപ്പാവിൽ പച്ചക്കറി കൃഷിയ്ക്കായി നൽകി. വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 5.625 ലക്ഷം രൂപ |

ചെലവാക്കി. 2500 വീട്ടുകളിൽ അടുക്കള
ത്തോട്ടം നിർമ്മിക്കുന്നതിനായി 300 രൂപ
ചെലവ് വരുന്ന ഒരു യൂണിറ്റിന് 75
ശതമാനം സബ്സിഡി നിരക്കിൽ
പച്ചക്കറി വിത്തുകളും വളങ്ങളും നൽകി.
മാത്രമല്ല 18.75 ലക്ഷം രൂപ ചെലവഴിച്ച്
2500 ഗുണഭോക്താക്കൾക്ക് വീട്ടുവളപ്പിലെ
പച്ചക്കറികൃഷിയ്ക്ക് ആവശ്യമായ
യൂണിറ്റൊന്നിന് 1000 രൂപ വിലവരുന്ന
പണിയായുധങ്ങൾ 75 ശതമാനം
ധനസഹായത്തോടുകൂടി നൽകി.
വെജിറ്റബിൾസ് ആന്റ് ഫ്രൂട്ട്സ്
പ്രൊമോഷൻ കൗൺസിൽ വീട്ടുകളിൽ
ഹരിതനഗരി ഗ്രോബാഗ് പച്ചക്കറികൃഷി
പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ